**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി താലൂക്ക്-തില്ലങ്കേരി ഗ്രാമപഞ്ചായത്ത്-തില്ലങ്കേരി വില്ലേജ്- റീ.സ.നമ്പർ 1/124 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായ സാധ്യതാഗണത്തിൽ ഉൾപ്പെടുന്ന ഒരു പെട്രോളിയം റീട്ടെയിൽ ഔട്ലെറ്റ് നിർമ്മിക്കുന്നതിന് ഭൂവുപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ശ്രീ.ജിതേഷ്. ഇ.ടി, എടവലത്ത് താഴെ ഹൗസ്, മന്ദരത്തൂർ, തോടന്നൂർ,പി.ഒ, വടകര, കോഴിക്കോട്- 673541 എന്നവർ 23/11/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1277/2022-C** **തീയതി 25-01-2023**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ , തില്ലങ്കേരി വില്ലേജിൽ റി. സ. നമ്പർ 1/124 ൽ സ്ഥിതി ചെയ്യുന്ന 12,626 ച . മീ മൊത്തം വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ലീസിന് എടുത്തിട്ടുള്ള 1225 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ഐ അപായസാധ്യതാഗണത്തിൽ ഉൾപ്പെടുന്ന 191.14 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീട്ടെയിൽ ഔട്ലെറ്റ് (സെയിൽസ് ബിൽഡിംഗ്-27.19 ച.മീ+ കനോപി-151 ച.മീ+ടോയിലെറ്റ് ബ്ലോക്ക്-12.95 ച.മീ)നിർ മ്മിക്കുന്നതിന് ശ്രീ.ജിതേഷ്. ഇ.ടി, എടവലത്ത് താഴെ ഹൗസ്, മന്ദരത്തൂർ, തോടന്നൂർ പി.ഒ, വടകര, കോഴിക്കോട്-673541 എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂവുപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KPBR-2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം ഡാറ്റ ബാങ്ക്, പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ചു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019-നും, അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KPBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. KPBR-2019 ചട്ടം 42(1)(3),(4) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത disabled toilet, ടോയിലെറ്റിലേക്കുള്ള റാമ്പ് (1 in 12 slope) എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
6. KPBR-2019 ചട്ടം 34(3)(2),(3) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത ശുചീകരണ സംവിധാനങ്ങൾ സന്ദർശകർക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ആണെന്ന് ഉറപ്പാക്കുക.

TCPKNR/1277/2022-C

I/83992/2023

എൽ.. എ നമ്പർ 3/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കു ന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനു സൃതമായ നിർമ്മാണവികസന അനുമതി/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം .ആരംഭിക്കാൻ പാടുള്ളൂ

പി. രവികുമാർ

ടൗൺപ്ലാനർ, കണ്ണൂർ

Signed by
Ravikumar.p
Date: 25-01-2023 12:33:30

To

സെക്രട്ടറി, തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1) ശ്രീ.ജിതേഷ്. ഇ.ടി, എടവലത്ത് താഴെ ഹൗസ്, മണ്ടരത്തൂർ, തോടന്നൂർ. പി.ഒ, വടകര, കോഴിക്കോട്-673541

2)ഫയൽ 3) കരുതൽ ഫയൽ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
കണ്ണൂർ - 670 001
തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിങ്